ഉത്തരം.

(എ) സാമ്പത്തികവർഷം 1954–55-ൽ കള്ളുഷാപ്പുകളുടെ ലേലത്തുകയിനത്തിൽ 1,23,19,290 രൂപയും, വൃക്ഷക്കരം ഇനത്തിൽ 10,93,560 രൂപയും ലഭിച്ചിട്ടുണ്ട്. ലൈസൻസ് നത്തിൽ യാതൊരു തുകയും ലഭിച്ചിട്ടില്ല.

(ബി) 1954–55-ൽ ലൈസൻസ് എടുത്ത 12,111 ചെത്തുകാർ ചെത്തുതൊഴിലിൽ ഏർപ്പെട്ടിരുന്നു.

(സി) തിരുവിതാംകൂർ വിഭാഗത്തിൽ തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവങ്കോട്, നെയ്യാറ്റിൻകര, നെടുമങ്ങാട്, ചെങ്കോട്ട എന്നീ താലൂക്കുകൾ ഒഴികെ മറ്റെല്ലാ താലൂക്കുകളിലും, കൊച്ചിൻ വിഭാഗത്തിൽ മദ്യനിരോധനം നടപ്പാക്കപ്പെട്ടിട്ടുള്ള താലൂക്കുകളിലും മധുരക്കള്ള് ചെത്തുന്നതിന് ലൈസൻസ് എടുക്കേണ്ടതുണ്ട്.

(ഡി) മധുരക്കള്ള് ചെത്തുന്നതിനുള്ള ലൈസൻസുകൾ ഫീസ് കൂടാതെ നൽകപ്പെടുന്നു.

ശുദ്ധജലവിതരണം.

350. [9] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ പടിഞ്ഞാറ്റവശം, ഞാറയ്ക്കൽ, മഞ്ഞനക്കാട് എന്നീ സ്ഥലങ്ങളിലേയ്ക്ക് ഇപ്പോൾ നിലവിലിരിക്കുന്ന ശുദ്ധജലവിതരണപദ്ധതിയെ ഉപയോഗിച്ച് ശുദ്ധജലം കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനങ്ങളോ, ഹർജികളോ ലഭിച്ചിട്ടുണ്ടോ;

(ബി) ഇപ്പോഴുള്ള പൈപ്പ്‌ലൈൻ മുൻപറഞ്ഞ സ്ഥലങ്ങളിലേയ്ക്കും നീട്ടുന്നതിന് ആവശ്യമായ അടിയന്തിരനടപടികൾ എടുക്കുന്നതിനും ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇപ്പോഴുള്ള പൈപ്പ്‌ലൈൻ ഇനിയും നീട്ടിയതുകൊണ്ട് ശുദ്ധജലക്ഷാമത്തിനു പരിഹാരമാവുകയില്ല. എന്തെന്നാൽ ഇപ്പോൾ ചെയ്യുന്നപോലെ എസ്. സി. ടി. മുഖേന പമ്പുചെയ്താൽ ഈ പ്രദേശങ്ങളിലേയ്ക്ക് വെള്ളം കിട്ടുവാൻ വളരെ ഞെരുക്കമാണ്. അതുകൊണ്ട് ഇടവഴി പറവൂർവഴി ഈ പ്രദേശങ്ങളിലേയ്ക്ക് പൈപ്പ്‌ലൈൻ ഇട്ട് അതുവഴി ആലുവാ വെള്ളം വിതരണം ചെയ്യുന്നതാണ് ഉദ്ദേശിച്ചിരിക്കുന്നത്.

കഴുക്കിണറുകൾ.

351. [10] ശ്രീ. കെ. സി. എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ഡിസ്ട്രിക്റ്റിൽ എത്ര കഴുക്കിണറുകൾ കഴിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly